# - 4 -

# വിസ്മയക്കാഴ്ചകൾ

പ്രപഞ്ചം മനുഷ്യനെ അത്ഭുതപ്പെടുത്തുന്നു. പർവതങ്ങൾ, മഹാസമുദ്രങ്ങൾ, ഘോരവനങ്ങൾ, നക്ഷത്രങ്ങൾ, ജന്തുജാലങ്ങൾ തുടങ്ങിയവയെല്ലാം നമുക്ക് വിസ്മയങ്ങളാണ്. ഇവ ഭാവനയെയും സർഗാത്മകതയെയും ഉണർത്തുകയും പ്രപഞ്ചരഹസ്യങ്ങളിലേക്ക് ഊളിയിടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി ശാസ്ത്രീയമായ അന്വേഷണങ്ങളിലും അനന്തമായ യാത്രകളിലും മനുഷ്യൻ ഏർപ്പെടുന്നു. നാം കൂടുതൽ കൂടുതൽ വിനീതരാകുന്നു. ആത്മവിശ്വാസമുള്ളവരാകുന്നു.

പ്രപഞ്ചത്തിലെ ഏറ്റവും വിസ്മയമുളവാക്കുന്ന കാഴ്ചകളിലൊന്നാണ് ചന്ദ്രൻ. എക്കാലത്തും പ്രായഭേദമെന്യേ ഈ പ്രതിഭാസത്തെക്കുറിച്ച് മനുഷ്യൻ ഭാവന നെയ്തിട്ടുണ്ട്. ചന്ദ്രനെക്കുറിച്ച് ഒരു കുട്ടിയുടെ മനോരാജ്യത്തിലുണ്ടായ ഭാവനാചിത്രങ്ങളടങ്ങിയ, കുമരനാശാന്റെ അമ്പിളി എന്ന കവിതയാണ് ഈ യൂണിറ്റിൽ ആദ്യം കൊടുത്തിട്ടുള്ളത്. തുടർന്ന് എസ്.കെ.പൊറ്റക്കാടിന്റെ യാത്രാവിവരണമായ ബൊഹീമിയൻ ചിത്രങ്ങളിൽ നിന്നെടുത്ത അത്ഭുതഗുഹകളിലൂടെ എന്ന ഭാഗമാണ് ഉള്ളത്. വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ എന്ന പ്രശ്നമേഖലയിലെ പ്രപഞ്ചദൃശ്യങ്ങളും അനുഭവങ്ങളും വിസ്മയമുളവാക്കുന്നു എന്ന ഉപാശയവുമായി ബന്ധപ്പെട്ടതാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം. മഴ, കാറ്റ്, ഇടി, മിന്നൽ, നദികൾ, മലകൾ മുതലായ പ്രകൃതിപ്രതിഭാസങ്ങളെ പ്രതിപാദിക്കുന്ന വാങ്മയങ്ങൾ മുൻക്ലാസ്സുകളിൽ കുട്ടികൾ ആസ്വദിച്ചിട്ടുണ്ട്. അതുപോലെ ഇവയെ നിരീക്ഷിക്കുന്നതിനും ശാസ്ത്രീയമായ അന്വേഷണങ്ങൾ നടത്തുന്നതിനും പരിസരപഠനത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പ്രകൃതിയിലെ അത്ഭുതങ്ങളും വിസ്മയങ്ങളുമടങ്ങിയ ഈ യൂണിറ്റിലെ കവിതയുടെയും യാത്രാവിവരണത്തിന്റെയും ആസ്വാദനം പ്രകൃതിയെ സാകുതം നോക്കിക്കാണുന്നതിനുള്ള മനോഭാവം കുട്ടികളിൽ വളർത്തും. പ്രപഞ്ചത്തിന്റെ അപാരതയുടെ മുന്നിലുള്ള ഈ നില്പ് കുട്ടികളിൽ സർഗഭാവനയും അന്വേഷണ കൗതുകവും വളർത്താൻ സഹായിക്കും.

ഭാഷാപരമായി കവിതകൾ, യാത്രാവിവരണങ്ങൾ എന്നിവ ആസ്വദിച്ച് അവയുടെ സൗന്ദര്യതലം തിരിച്ചറിയുന്നതിനും ഇത്തരത്തിലുള്ള രചനയിലേർപ്പെടുന്നതിനും ഈ യൂണിറ്റുകൊണ്ട് ഉദ്ദേശിക്കുന്നു. അതുപോലെ ചുമർപത്രികകൾ, വായനക്കുറിപ്പുകൾ, ലഘുവിവരണങ്ങൾ എന്നിവ തയ്യാറാക്കുന്നതിനും പ്രകൃതിയിലെ സൂക്ഷ്മഭാവങ്ങളെക്കുറിച്ച് ചിത്രരചന നടത്തുന്നതിനും ഈ യൂണിറ്റിലൂടെ അനുഭവമൊരുക്കണം.



# അമ്പിളി

നിത്യവിസ്മയമായ ചന്ദ്രനെക്കുറിച്ചുള്ള ഈ കവിത കുട്ടികൾക്കും മുതിർന്നവർക്കും ആസ്വദിക്കാൻ പറ്റിയ തലങ്ങളുള്ളതാണ്. സംവേദന ശീലത്തിനനുസരിച്ച് ഓരോരുത്തർക്കും കവിതയുടെ ആഴങ്ങളിലേക്കു പോകാം. അമ്പിളിമാമൻ നിലാവുപരത്തിക്കൊണ്ട് ആകാശത്തിൽ നിൽക്കുന്നതുകാണുമ്പോൾ ഒരു കുട്ടിക്കുണ്ടാകുന്ന തോന്നലുകളാണ് ഈ കവിതയിലെ പ്രമേയം. കുട്ടിയുടെ ചിന്തകൾ പ്രായത്തിനു യോജിച്ചതും സ്വാഭാവികവുമാണ്. കവിതയുടെ ആവിഷ്ക്കാരമാകട്ടെ ചമൽക്കാരഭംഗികൊണ്ടു ഗംഭീരവും. കുട്ടിയുടെ കഴിവിനും ആസ്വാദനശീലത്തിനും അനുസരിച്ച് ആസ്വദിക്കാനുള്ള ചേരുവകൾ കവിതയിലുണ്ട്. ഗൗരവമായ കവിതാസ്വാദനത്തിന്റെ അനുഭവങ്ങൾ നൽകുന്നതിന് ഈ കവിത പ്രയോജനപ്പെടും.



**പ്രശ്ന മേഖല: വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവു | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • പ്രപഞ്ചദൃശ്യങ്ങളും അനുഭവങ്ങളും വിസ്മയമുളവാക്കുന്നു. | • അത്ഭുതകരങ്ങളായ അനുഭവങ്ങൾ, കാഴ്ചകൾ എന്നിവയുടെ ചിത്രങ്ങൾ, സി.ഡികൾ എന്നിവകണ്ട് സ്വതന്ത്രപ്രതികരണങ്ങളിൽ ഏർപ്പെടുന്നു. | • ലഘുവർണന | • ആശയപൂർണ്ണത, വ്യക്തത.<br>• അനുഭവങ്ങൾ പകരുന്നതിനു പര്യാപ്തമായ കല്പനകൾ, പ്രയോഗങ്ങൾ |
| • കവിതയിലെ ആശയത്തെ പ്രകാശിപ്പിക്കാനുപയോഗിച്ച വരികൾ, വരികൾക്കിണങ്ങിയ പദങ്ങളുടെ തെരഞ്ഞെടുപ്പ്, അനുയോജ്യമായ താളം, സാദൃശ്യകല്പനകൾ എന്നിവ കവിതയെ ആസ്വാദ്യമാക്കുന്നു. | • പ്രപഞ്ച ദൃശ്യങ്ങളുടെ അത്ഭുതം പ്രതിഫലിപ്പിക്കുന്ന കവിതയുടെ ആസ്വാദനം. | • കവിതയുടെ അവതരണം<br>• ചിത്രരചന | • അനുയോജ്യമായ ഭാഷ<br>• അനുയോജ്യമായ ഈണം, താളം ഇവ കണ്ടെത്തിയിട്ടുണ്ട്.<br>• അർത്ഥബോധം<br>• അനുയോജ്യമായ ആവിഷ്ക്കാരരീതി. |
| | • പ്രകൃതിയിലെ സൂക്ഷ്മഭാവങ്ങളുടെ നിരീക്ഷണം, കവിതാരചന. | • കവിതാരചന | • ആശയപൂർണത, വ്യക്തത<br>• താളം, ശബ്ദഭംഗി |

## മോഡ്യൂൾ ഒന്ന്

| | | |
|---|---|---|
| ആശയം | : | • പ്രപഞ്ചദൃശ്യങ്ങളും അനുഭവങ്ങളും വിസ്മയമുളവാക്കുന്നു.<br>• കവിതയിലെ ആശയത്തെ പ്രകാശിപ്പിക്കാനുപയോഗിക്കുന്ന വരികൾ, വരികൾക്കിണങ്ങിയ പദങ്ങളുടെ തെരഞ്ഞെടുപ്പ്, അനുയോജ്യമായ താളം, സാദൃശ്യകല്പനകൾ എന്നിവ കവിതയെ അസ്വാദ്യമാക്കുന്നു. |
| കരുതേണ്ട സാമഗ്രികൾ | : | • വായനാ സാമഗ്രി (ലഘുകവിതകൾ) |
| പ്രതീക്ഷിത സമയം | : | • 6 മണിക്കൂർ |

### സ്വപ്നവിവരണം

പ്രകൃതിയിലെ വിസ്മയകരങ്ങളായ ദൃശ്യങ്ങൾ അടങ്ങിയ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. പർവതശിഖരങ്ങൾ, വെള്ളച്ചാട്ടങ്ങൾ, സമുദ്രം മുതലായവയുടെ ചിത്രങ്ങളാകാം. ചിത്രങ്ങളെക്കുറിച്ച് കുട്ടികളുമായി ചർച്ചയിലേർപ്പെടുന്നു.

- ചിത്രങ്ങൾ കാണുമ്പോൾ എന്താണ് തോന്നുന്നത്?
- ഇതുപോലുള്ള എന്തെല്ലാം അത്ഭുതങ്ങളാണ് നിങ്ങൾക്ക് പരിചയമുള്ളത്?

ചോദ്യങ്ങളിലൂടെ സ്വതന്ത്രചർച്ച നയിക്കണം. യൂണിറ്റിന്റെ ആമുഖമായി കൊടുത്തിരിക്കുന്ന പെൺകുട്ടിയുടെ സ്വപ്നം വായിക്കുന്നതിന് അവസരം നൽകുന്നു.

- ഇതുപോലുള്ള സ്വപ്നങ്ങൾ നിങ്ങളും കാണാറില്ലേ? ആ സ്വപ്നങ്ങളിൽ എന്തൊക്കെയാണ് ഉണ്ടാവുക?
  - ആകാശത്തിലൂടെയുള്ള യാത്ര
  - തിരമാലകൾക്കിടയിൽ ഒരു ഡോൾഫിൻ മത്സ്യത്തിന്റെ പുറത്ത് സഞ്ചരിക്കുന്നത്.
  - പലതരം വൃക്ഷങ്ങളും ജന്തുജാലങ്ങളുമടങ്ങിയ ഒരു കാട്ടിലൂടെ സഞ്ചരിക്കുന്നത്.

സ്വന്തം സ്വപ്നം കുട്ടികൾ വിവരിക്കട്ടെ.

ഇത്തരം വിസ്മയകരമായ അനുഭവങ്ങൾ സ്വപ്നങ്ങളിൽ മാത്രമോ? നമുക്കു ചുറ്റും അത്ഭുതം ജനിപ്പിക്കുന്ന പ്രതിഭാസങ്ങളും വസ്തുക്കളുമില്ലേ? കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കട്ടെ. ഒരു കുട്ടിയുടെ വിസ്മയാനുഭവം കവിതയായി ആവിഷ്ക്കരിച്ചതു വായിക്കാം എന്ന നിലയിൽ കവിതാഭാഗം വായിക്കാൻ കുട്ടികൾക്കവസരം നൽകുക.

### കുട്ടിയുടെ വിസ്മയങ്ങൾ

അമ്പിളിയുടെ കാഴ്ച കുട്ടിയിൽ എന്തെല്ലാം വിസ്മയങ്ങളും ഭാവനകളുമാണ് ഉണർത്തിയത്? കുട്ടികൾ വ്യക്തിഗതമായി കവിത വായിച്ചു കണ്ടെത്തട്ടെ. ചെറുഗ്രൂപ്പുകളിൽ സ്വതന്ത്രമായി പ്രതികരിക്കാനവസരം നൽകുക.

- കുട്ടിക്കുണ്ടായ അത്ഭുതങ്ങൾ
- നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ട ഭാഗം/ വരി/ ദൃശ്യം
- മനസ്സിലാകാത്ത പദം/ ഭാഗം
- വായിച്ചപ്പോൾ നിങ്ങൾക്കു തോന്നിയ ഓർമ്മകൾ/ ദൃശ്യങ്ങൾ/ അനുഭവങ്ങൾ

**കണ്ടെത്താം ചൊല്ലാം**

ഒരേ ആശയം തെരഞ്ഞെടുത്ത കുട്ടികളെ ഗ്രൂപ്പുകളാക്കുക. ഗ്രൂപ്പ് വരികൾ ഈണത്തിൽ ചൊല്ലി യവതരിപ്പിക്കട്ടെ.

**ഈണം നൽകാം**

കുട്ടികൾ ചെറുഗ്രൂപ്പിൽ കവിതയ്ക്ക് ഈണം നൽകി അവതരിപ്പിക്കട്ടെ.

**ശബ്ദഭംഗി**

കവിതയ്ക്ക് ശബ്ദഭംഗി ലഭിക്കുന്നതെങ്ങനെയെല്ലാമാണ്? വ്യക്തിഗതമായി കണ്ടെത്തട്ടെ. ചെറുഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തിയ ശേഷം ക്ലാസിൽ പൊതുവായി അവതരിപ്പി ക്കട്ടെ. ഓരോന്നിനും ഉദാഹരണങ്ങളും പറഞ്ഞ് വ്യക്തത വരു ത്തണം.

- അക്ഷരങ്ങളുടെ ആവർത്തനം
- പദങ്ങളുടെ ചേർച്ച

**ചിത്രം വരയ്ക്കാം**

- ആകാശവീഥിയിൽ മരക്കൊമ്പിൽ നിന്നും കോലോളം ഉയരത്തിൽ നിൽക്കുന്ന അമ്പിളി.
- ആകാശമാകുന്ന സമുദ്രത്തിലൂടെ ദേവന്മാർ തുഴഞ്ഞുപോകുന്ന വെള്ളിയോടം.

വ്യക്തിഗതമായി ഈ ദൃശ്യങ്ങളുടെ ചിത്രം വരച്ച് ചായം കൊടുക്കട്ടെ.

**വെള്ളിയോടവും വെള്ളാട്ടിൻകിടാവും**

കവി കല്പനകൾ കണ്ടെത്താനും സൗന്ദര്യം ആസ്വദിക്കാനും കുട്ടികൾക്ക് പരിചയം സിദ്ധി ക്കണം. രണ്ടാമത്തെയും നാലാമത്തെയും ശ്ലോകങ്ങളിൽ മനോഹരമായ അലങ്കാരകല്പനകൾ കാണാം. അർഥതലങ്ങളിലേക്ക് ആണ്ടിറങ്ങാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങളിലൂടെ കുട്ടികളെ നയി ക്കാൻ കഴിയും.

ഒന്നിനെ മറ്റൊന്നായി സങ്കൽപിക്കുന്നത് കവിതയിൽ സാധാരണമാണല്ലോ (മഴ കണ്ടകുട്ടി, എൻ പ്രിയനാടേ എന്നീ കവിതകളിലെ കല്പനകൾ ഓർമിപ്പിക്കാം) ഇവ കവിതയിൽ അമ്പിളിയെ എന്തായിട്ടാണ് ആദ്യം കല്പിച്ചിരിക്കുന്നത്?

ലഘു ചർച്ച നടത്തുക.

- ഇങ്ങനെ കല്പിച്ചതിന്റെ യുക്തിയെന്ത്?
- ഇവ തമ്മിൽ എന്തൊക്കെ ചേർച്ചകളാണുള്ളത്? (ആകൃതി നിറം, മണം,......)
- വെള്ളിയോടമായി തോന്നുന്നത് എന്താണ്?

ഇതുപോലെ അമ്പിളിയെ മറ്റെന്തൊക്കെ വസ്തുക്കളായി കല്പിച്ചിട്ടുണ്ട്? കുട്ടികൾ കണ്ടെത്തി വരികൾ ചൊല്ലി ചേർച്ച വിശദീകരിക്കട്ടെ.

വെള്ളമേഘങ്ങളാകുന്ന തിരമാലകൾ നിറഞ്ഞ ആകാശമാകുന്ന സമുദ്രത്തിലൂടെ ദേവതകൾ തുഴഞ്ഞുപോകുന്ന വെള്ളിയോടമായി അമ്പിളിയെ സങ്കല്പിച്ചിരിക്കുന്നു.

അതുപോലെ 'ദേഹശോഭപോലുള്ളത്തിൽ.....' എന്ന ശ്ലോകത്തിൽ സ്നേഹത്തോടെ വിളിക്കു മ്പോൾ പിന്നാലെ പോരുന്ന വെള്ളാട്ടിൻകിടാവായി അമ്പിളിയെ സങ്കല്പിച്ചിരിക്കുന്നു. ഈ മോഹ

നാകൃതിക്ക് ദേഹശോഭപോലെ ഉള്ളത്തിൽ കൂറുമുണ്ട്. അതുകൊണ്ട് ഞാൻ വിളിക്കുമ്പോൾ ഒരു കൊച്ചുവെള്ളാട്ടിൻ കിടാവിനെപ്പോലെ അത് കൂടെപ്പോരുന്നു. നാം നടക്കുമ്പോൾ അമ്പിളിയും നമ്മുടെകൂടെ പോരുന്നതായി തോന്നുമല്ലോ. ഈ തോന്നൽ ഉപയോഗപ്പെടുത്തുന്നതാണ് കവിതാഭാഗത്തിന്റെ ചമൽക്കാരഹേതു. കവിതയുടെ ഈ സൗന്ദര്യം ചർച്ചയിലൂടെ കുട്ടികളെ അനുഭവിപ്പിക്കണം.

- മോഹനാകൃതിയ്ക്ക് ഉള്ളതായി പറയുന്ന ഗുണങ്ങൾ എന്തൊക്കെയാണ്?
- അമ്പിളിയെ കൊച്ചുവെള്ളാട്ടിൻ കിടാവായി സങ്കല്പിക്കാൻ കാരണമെന്ത്?

ഇത്തരം ചോദ്യങ്ങൾ വരികളുടെ ഉള്ളിലേക്കിറങ്ങാൻ കുട്ടികളെ സഹായിക്കും.

**ആരെപ്പോലെ**

"വട്ടം നന്നല്ലിതീവണ്ണമോടി........ കൊതിയെനിക്കോമനേ"- ഈ വരികളിൽ കവി ഉദ്ദേശിക്കുന്നതെന്താണ്? വ്യക്തിഗതമായി കണ്ടെത്തി കാര്യകാരണസഹിതം അവതരിപ്പിക്കട്ടെ.

**രണ്ടുഭാവനകൾ**

രണ്ടു കവിതകളും താരതമ്യം ചെയ്ത് കുട്ടികൾ കുറിപ്പു തയാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ചു പങ്കുവെക്കലും മെച്ചപ്പെടുത്തലും നടത്തട്ടെ. സഹായകമായ ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ആമുഖമായി ലഘു ചർച്ച നടത്തണം.

- അമ്പിളിയെക്കുറിച്ച് രണ്ടു കവിതകളിലുമുള്ള കല്പനകൾ എന്തൊക്കെയാണ്.
- രണ്ടു കവിതകളിലും പറഞ്ഞിരിക്കുന്ന അമ്പിളിയമ്മാവന്റെ പ്രവൃത്തികൾ എന്തൊക്കെ?

**ഞാനെഴുതുമ്പോൾ**

ആകാശത്തിലെ കാഴ്ചകളെക്കുറിച്ച് കവിതയെഴുതുന്നത് എങ്ങനെയാണ്?

'ആടുകേറാമലേൽ, ആളുകേറാമലേൽ
ആയിരംകാന്താരി പൂത്തിറങ്ങി'

നക്ഷത്രങ്ങൾ പ്രകാശിച്ചു നിൽക്കുന്നതിനെക്കുറിച്ചുള്ള കവിസങ്കല്പം നോക്കൂ. എല്ലാം വാച്യമായിപറയുന്നതല്ല കവിത.

പറയാതെതന്നെ പറഞ്ഞതായി തോന്നുക, കുറച്ചു വാക്കുകൾ കൊണ്ടു കൂടുതൽ ആശയങ്ങൾ പ്രകടിപ്പിക്കുക എന്നിവ കവിതയുടെ സ്വഭാവമാണ്. സാധാരണ ഗദ്യഭാഷയിൽ നിന്നും വ്യത്യസ്തമായി കവിതയിൽ പ്രത്യേകരീതിയിലാണ് ഭാഷ ഉപയോഗിക്കുന്നത്.

'എൻകുഞ്ഞുറങ്ങിക്കൊൾകെൻകുഞ്ഞുറങ്ങിക്കൊൾ-
കെൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം
നാളെപ്പുലർകാലത്തുന്മേഷമിന്നത്തെ-
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ

എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി-
ച്ചുല്ലാസം കോലുവാൻ കാലമായി
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ,
വെള്ളിക്കിടക്കവിരിച്ചു നീളേ'

**(വള്ളത്തോൾ)**

അമ്പിളിയമ്പിളിയമ്മാവാ
കമ്പിളി കമ്പിളിനിൻകാര്യം
നിന്റെ കഷണ്ടിത്തലയിലിടാൻ
നല്ലൊരു തൊപ്പിനിനക്കില്ല.
നിന്റെ മുഖത്തെ കരിപോകാൻ
നല്ലൊരുസോപ്പുനിനക്കില്ല.
വല്ലതുമൊന്നു പറഞ്ഞീടാൻ
വായിലെനാവു നിനക്കില്ല.

**(സഞ്ജയൻ)**

അമ്പിളിമാമൻ കുമ്പകുലുക്കി
കുട്ടിക്കരണം കുത്തിമറിഞ്ഞിട്ടെന്റെ
കുളത്തിൽ വീണു
വീണിട്ടുടനേ താണു
താണിട്ടുടനെ പൊങ്ങി
അങ്ങനെ താണും പൊങ്ങിയു
മനവധി കേളീകളാടീ മാമൻ

**(കുഞ്ഞുണ്ണി)**

അമ്പിളി ചിരിക്കും മാനത്ത്
തുമ്പ ചിരിക്കും താഴത്ത്!
സൂര്യനുദിക്കും മാനത്ത്!
സൂര്യകാന്തികൾ താഴത്ത്!
താരകൾ തെളിയും മാനത്ത്!
താമരവിരിയും താഴത്ത്!
മാരിവില്ല് മാനത്ത്
മാനും മായിലും താഴത്ത്!

**(ഒ.എൻ.വി)**

'ഉണരുവിൻ വേഗമുണരുവിൻ സ്വര-
ഗുണമോലും ചെറുകിളിക്കിടാങ്ങളേ
ഉണർന്നുനോക്കുവിനുലകിതുൾക്കാമ്പിൽ
മണമേലുമോമൽ മലർമൊട്ടുകളേ'

**(കുമാരനാശാൻ)**

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നുമിന്നി
കറയറ്റൊരാലസൽഗ്രാമഭംഗി!

**(ചങ്ങമ്പുഴ)**

കവിതാഭാഗങ്ങൾ കുട്ടികളോടൊത്ത് ചൊല്ലി നോക്കൂ. വരികൾക്ക് സവിശേഷമായ താളമുണ്ടെന്നു കാണാം. ഈ താളം കവിതയുടെ ജീവനാണ്. കവിത രചിക്കുന്നതിന് ധാരാളം കവിതകൾ കേട്ടും ചൊല്ലിയും ആസ്വദിച്ചുമുള്ള അനുഭവം വേണം.

കുട്ടികൾക്ക് സ്വന്തമായി കവിതയെഴുതാൻ അവസരം നൽകാം. കൗതുകവും അത്ഭുതവും ഉണർത്തിയ പ്രകൃതി പ്രതിഭാസങ്ങളെകുറിച്ചോ വസ്തുക്കളെക്കുറിച്ചോ ആകാം കവിത.

- രാത്രി
- പ്രഭാതം
- അസ്തമയം
- പുഴ
- കിളികൾ
- പൂമ്പാറ്റകൾ
- മിന്നാമിനുങ്ങ്
- 
- 

കുട്ടികൾക്ക് രചിച്ച കവിതകൾ ചെറുഗ്രൂപ്പുകളിൽ വായിച്ചവതരിപ്പിക്കട്ടെ. ഇതിനു മുന്നോടിയായി വിലയിരുത്തൽ സൂചകങ്ങൾ രൂപപ്പെടുത്തണം.

- താളത്തിനനുയോജ്യമായ പദങ്ങളുടെ തെരഞ്ഞെടുപ്പ്.
- ശബ്ദഭംഗിയുണ്ടാക്കുന്ന പദങ്ങളും അക്ഷരാവർത്തനവും
- മറ്റൊന്നായി കല്പിച്ചവതരിപ്പിക്കുന്നതിലെ ഭംഗി
- ആശയവ്യക്തതയുണ്ടാക്കുന്നതരത്തിൽ പദങ്ങളുടെയും വരികളുടെയും ചേർച്ച.

സൂചകത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ അഭിപ്രായങ്ങളും നിർദേശങ്ങളും പറയട്ടെ. ഗ്രൂപ്പിൽ നിന്ന് ഒരു കവിത പൊതു അവതരണത്തിനായി തെരഞ്ഞെടുക്കട്ടെ. ഗ്രൂപ്പുകളുടെ അവതരണവും ടീച്ചറുടെ വക അവതരണവും നടക്കുമ്പോൾ കുട്ടികൾ സൂചകം വെച്ച് വിലയിരുത്തട്ടെ.

തുടർന്ന് ചുമർപത്രികയിലേക്കു ചേർക്കാനായി കുട്ടികൾ സ്വന്തം രചന മെച്ചപ്പെടുത്തി തയാറാക്കട്ടെ.

# അത്ഭുതഗുഹയിലൂടെ



യാത്ര മനുഷ്യന്റെ അടിസ്ഥാനപരമായ ഒരു സ്വഭാവമാണ്. ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു പോകാനും ഇഷ്ടജനങ്ങളെ കാണാനും കൊതിക്കാത്തവരില്ല. യാത്രകൾ അനുഭവങ്ങൾ നൽകുന്നു. കേട്ടും വായിച്ചും അറിഞ്ഞതിനെ കാണാൻ കഴിയുമ്പോൾ അവയെ മറ്റുള്ളവർക്കുകൂടി അനുഭവവേദ്യമാക്കാൻ നാം ശ്രമിക്കുന്നു. അത്ഭുതക്കാഴ്ചകളെ തന്മയത്വത്തോടെ ഒപ്പിയെടുത്തുനൽകാൻ സർഗാത്മകത വേണം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ച് മലയാളിയുടെ മുന്നിൽ കാഴ്ചകളെ വർണമനോഹാരിതയോടെ അവതരിപ്പിച്ച സഞ്ചാരസാഹിത്യകാരനാണ് എസ്.കെ. പൊറ്റെക്കാട്. സൂക്ഷ്മനിരീക്ഷണപാടവം കൊണ്ടും വർണനകളുടെ ഋജുത്വംകൊണ്ടും പൊറ്റെക്കാടിന്റെ യാത്രാവിവരണങ്ങൾ വായനക്കാരെ ആകർഷിക്കുന്നു. അദ്ദേഹത്തിന്റെ ബൊഹീമിയൻ ചിത്രങ്ങൾ എന്ന കൃതിയിലെ ഒരു ഭാഗമാണ് അത്ഭുത ഗുഹയിലൂടെ എന്ന പേരിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അപരിചിതമായ പ്രദേശങ്ങളെയും അവിടങ്ങളിലെ അത്ഭുതങ്ങളെയും അടുത്തറിയുന്നതിന് യാത്രാവിവരണങ്ങൾ സഹായിക്കുന്നു. സർവോപരി കണ്ണും കാതും കൂർപ്പിച്ച് ലോകത്തെ നോക്കിക്കാണുന്നതിനുള്ള യാത്രകൾക്ക് ഇവ പ്രേരകമാവും. യാത്രാവിവരണങ്ങൾ കുട്ടികൾ ഇതിനു മുമ്പു പരിചയപ്പെട്ടിട്ടില്ല. അതു കൊണ്ട് പാഠഭാഗത്തിനു പുറമെയുള്ള ഏതാനും ലഘുയാത്രവിവരണങ്ങൾ വായിക്കുന്നതിനും ഈ വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നതിനും കുട്ടികൾക്ക് അവസരം ലഭിക്കണം.

യാത്രകളെ അടിസ്ഥാനമാക്കി ഇത്തരം രചനകളിൽ ഏർപ്പെടുന്നതിനുള്ള താല്പര്യം ജനിപ്പിക്കുകയും ഇത്തരം രചനകൾ ക്ലാസ് തലത്തിൽ പ്രസിദ്ധീകരിക്കുകയും വേണം.

**പ്രശ്ന മേഖല: വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • പ്രകൃതിയിലെ അത്ഭുതങ്ങളെ അടുത്തറിയുന്നതിന് യാത്രകൾ സഹായിക്കുന്നു.<br>• ജനത, ജീവിത രീതി, പ്രകൃതി ദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവപ്രതീതിയുണ്ടാക്കുന്നതാണ് യാത്രാവിവരണം.<br>• ഇഷ്ടപ്പെട്ട ദൃശ്യങ്ങൾ, വിസ്മയാനുഭവങ്ങൾ എന്നിവ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പ്രയോഗ വിശേഷങ്ങളും വർണ്ണനകളും യാത്രാവിവരണത്തിന് ഭംഗി നൽകുന്നു. | • പ്രപഞ്ച ദൃശ്യങ്ങളും അനുഭവങ്ങളും വിവരിക്കുന്ന യാത്രാവിവരണം വായിച്ചാസ്വാദിക്കുന്നു.<br>• യാത്രയിലെ കാഴ്ചകൾ, സംഭവങ്ങൾ, ജനങ്ങൾ ജീവിത രീതി എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ച് വിശകലനം ചെയ്യുന്നു.<br>• പത്രങ്ങൾ മാസികകൾ മുതലായവയിൽ നിന്നും അത്ഭുതകരങ്ങളായ ദൃശ്യങ്ങൾ, വാർത്തകൾ മുതലായവ ശേഖരിച്ച് ചുമർ പത്രിക തയാറാക്കുന്നു. | • വായനക്കുറിപ്പ്<br>• ചുമർപത്രിക | • എഴുത്തുകാരൻ സന്ദർശിച്ച സ്ഥലം എന്നിവ സൂചിപ്പിക്കുന്ന ആമുഖവാക്യങ്ങൾ<br>• യാത്രാനുഭവങ്ങൾ സംക്ഷിപ്തമായി<br>• ഇഷ്ടപ്പെട്ടഭാഗങ്ങൾ, വർണ്ണനകൾ<br>• ഉള്ളടക്കത്തിന്റെ വൈവിധ്യം, വൈപുല്യം<br>• ആകർഷകമായ ലേഔട്ട്<br>• പത്രഭാഷ |
| • നിരീക്ഷണ കൗതുകത്തോടെ നടത്തുന്ന യാത്രകൾ വിനോദത്തോടൊപ്പം വിജ്ഞാനവും നൽകുന്നു.<br>• അനുഭവങ്ങൾ, ദൃശ്യങ്ങൾ എന്നിവയുടെ നേരനുഭവ പ്രതീതിയുണ്ടാക്കുന്നതും സൂക്ഷമ നിരീക്ഷണങ്ങൾ അടങ്ങിയതുമാണ് യാത്രാവിവരണം. | • യാത്രയിലെ കാഴ്ചകൾ, സംഭവങ്ങൾ, ജനങ്ങൾ, ജീവിതരീതി, സസ്യജന്തുജാലങ്ങൾ എന്നിവ സൂക്ഷ്മമായി നിരീക്ഷിച്ച് വിശകലനം ചെയ്ത് യാത്രാവിവരണം തയാറാക്കുന്നു.<br>• യാത്രാവിവരണത്തിന്റെ ആശയപരവും ഭാഷാപരവുമായ തലങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുന്നു. | • യാത്രാവിവരണം<br>• പതിപ്പ് | • നേരനുഭവ പ്രതീതി<br>• സൂക്ഷ്മ നിരീക്ഷണങ്ങൾ ഉണ്ട്<br>• വാർത്തകൾ, വാങ്മയചിത്രങ്ങൾ ഉണ്ട്<br>• ഭാഷയുടെ അനുയോജ്യത |

## മോഡ്യൂൾ ഒന്ന്

| | |
|---|---|
| ആശയം : | • പ്രകൃതിയിലെഅത്ഭുതങ്ങൾ അടുത്തറിയുന്നതിന് യാത്രകൾ സഹായിക്കുന്നു. |
| | • ജനത, ജീവിതരീതി, പ്രകൃതിദൃശ്യങ്ങൾ എന്നിവയെക്കുറിച്ച് നേരനുഭവ പ്രതീതിയുണ്ടാക്കുന്നതാണ് യാത്രാവിവരണം. |
| | • ഇഷ്ടപ്പെട്ട ദൃശ്യങ്ങൾ, വിസ്മയാനുഭവങ്ങൾ എന്നിവ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ പ്രയോഗ വിശേഷങ്ങളും വർണനകളും യാത്രാവിവരണത്തിന് ഭംഗി നൽകുന്നു. |
| കരുതേണ്ട സാമഗ്രികൾ: | • ലഘുയാത്രാവിവരണങ്ങൾ |
| പ്രതീക്ഷിതസമയം : | • 6½ മണിക്കൂർ |

### കണ്ടകാഴ്ചകളിൽ നിന്ന് കാണാക്കാഴ്ചകളിലേക്ക്

നിത്യവും കാണുന്ന കാഴ്ചകളിലെ അത്ഭുതവും സൗന്ദര്യവുമാണ് കവിതകളിലൂടെ നമ്മൾ പരിചയപ്പെട്ടത്. കാണാത്ത കാഴ്ചകളുടെ കാര്യമോ? എങ്ങനെയാണ് നമുക്കവ അനുഭവിക്കാൻ കഴിയുക?

യാത്ര ചെയ്യുക

യാത്ര ചെയ്തവരുടെ അനുഭവങ്ങൾ കേൾക്കുക.

നിങ്ങളും മറക്കാനാവാത്ത ചില യാത്രകൾ ചെയ്തിട്ടില്ലേ? കുട്ടികൾ അനുഭവം വിവരിക്കട്ടെ. ആവുന്നത്ര കുട്ടികൾക്ക് യാത്രാനുഭവവിവരണം നടത്തുന്നതിന് അവസരം നൽകണം. ചിലരുടെ കവിതകളും കഥകളും നമ്മെ ഏറെ ആകർഷിക്കുന്നു. അതുപോലെ ചിലരുടെ യാത്രാനുഭവവിവരണങ്ങൾ നേരിൽക്കാണുന്നതിനെക്കാൾ നമുക്ക് രസം നൽകുന്നതാണ്.

### യാത്രാവിവരണത്തിലേക്ക് (ഇഷ്ടപ്പെട്ട ഭാഗം TB)

കുട്ടികൾ വ്യക്തിഗതമായി പാഠഭാഗം വായിക്കട്ടെ. വായനയ്ക്ക് ശേഷം അതിലെ ഏറ്റവും ഇഷ്ടപ്പെട്ടഭാഗം ഗ്രൂപ്പിൽ ഉറക്കെ വായിച്ചവതരിപ്പിക്കട്ടെ. എന്തുകൊണ്ടാണ് ഇഷ്ടപ്പെട്ടത് എന്നുകൂടി വിശദീകരിക്കണം. യാത്രാവിവരണത്തിലെ ഒരുഭാഗം നാം ഇഷ്ടപ്പെടുന്നതിനുള്ള കാരണമെന്തായിരിക്കാം? ഓരോരുത്തരുടെയും കണ്ടെത്തലുകൾ ഓരോന്നായിരിക്കാം. സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കട്ടെ.

### ഒന്നിനെ മറ്റൊന്നിനോട് (TB)

വായന പല ലക്ഷ്യങ്ങളോടെയാകാം. അതിന്റെ സൂക്ഷ്മതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിനു ശ്രമിക്കാം. ഒന്നുകൂടി കുട്ടികൾ വായിച്ചുനോക്കട്ടെ. ധാതുശിലാരൂപങ്ങളെ എന്തിനോടെല്ലാമാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്? കുട്ടികൾ കണ്ടെത്തട്ടെ.

- വർണപുഷ്പങ്ങൾ നിറഞ്ഞ മരത്തിൽ നിന്ന് തൂങ്ങിനിൽക്കുന്ന പെരുമ്പാമ്പിനോട്.
- മരക്കുരിശിൽ തൂങ്ങിനിൽക്കുന്ന ക്രിസ്തുദേവനോട്.
- ശരറാന്തൽ തൂക്കിയിട്ട മണിയറയോട്
- വനരത്നക്കൊട്ടാരങ്ങളോട്.

**പ്രയോഗങ്ങൾ കണ്ടെത്താം**

- അത്ഭുതകരമായ ഗുഹ
- വിസ്മയജനകമായ കാഴ്ച

ഓരോന്നിലും രണ്ടുഭാഗങ്ങൾ കാണുന്നില്ലേ. ഇത്തരം ഉദാഹരണങ്ങൾ കൂടുതൽ കണ്ടെത്തുക. ഈ പ്രവർത്തനങ്ങൾക്ക് പൊതുവായി ഉള്ള പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തട്ടെ.

**കൺമുന്നിലെത്തിക്കൽ (TB)**

നേരനുഭവപ്രതീതിയാണ് യാത്രവിവരണത്തിന്റെ പ്രധാന സവിശേഷത. കുട്ടികൾ പാഠഭാഗത്തുനിന്നും അതിനുള്ള ഉദാഹരണങ്ങൾ കണ്ടെത്തി അവതരിപ്പിക്കട്ടെ. ഉദാഹരണങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾകൂടി പറയാൻ ആവശ്യപ്പെടണം.

**ചുമർ പത്രിക**

കുട്ടികളുടെ ചെറുസംഘങ്ങൾ ചുമർപത്രിക തയാറാക്കട്ടെ. പത്രികയിൽ എന്തൊക്കെയാവാം?

- അമ്പിളി എന്ന പാഠവുമായി ബന്ധപ്പെട്ട് കുട്ടികൾ രചിച്ച കവിതകൾ.
- ലോകത്തെ അത്ഭുതപ്പെടുത്തുന്ന ദൃശ്യങ്ങളുടെ ചിത്രങ്ങൾ, വാർത്തകൾ

**വായനക്കുറിപ്പ്**

കെ.തായാട്ടിന്റെ യാത്രാവിവരണം വായിച്ച് കുട്ടികൾ വായനക്കുറിപ്പ് തയാറാക്കട്ടെ. യാത്രാവിവരണത്തിന്റെ ഫോട്ടോകോപ്പി കുട്ടികൾക്ക് വായിക്കാൻ നൽകണം. കുട്ടികൾ തയാറാക്കിയ വായനക്കുറിപ്പുകൾ ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കട്ടെ. സൂചകങ്ങൾ വെച്ച് വിലയിരുത്തി അഭിപ്രായവും നിർദേശവും പറയട്ടെ. ഗ്രൂപ്പിൽനിന്ന് മെച്ചപ്പെട്ട ഒന്ന് തെരഞ്ഞെടുത്ത് ക്ലാസിൽ അവതരിപ്പിക്കണം.

**വായനക്കുറിപ്പ് വിലയിരുത്തൽ**

- ആമുഖവാക്യങ്ങൾ- എഴുത്തുകാരൻ, സന്ദർശിച്ച സ്ഥലം എന്നിവ സൂചിപ്പിക്കുന്നത്.
- യാത്രാനുഭവങ്ങൾ സംക്ഷിപ്തമായി
- ഇഷ്ടപ്പെട്ട ഭാഗങ്ങൾ, വർണനകൾ, സ്വന്തം പ്രതികരണം

## വായനാസാമഗ്രി

### മഞ്ഞിന്റെ കൂടാരത്തിലേക്ക്

ഞാൻ യാത്ര അവസാനിപ്പിച്ച് ഇവിടെ എത്തിയിരിക്കുകയാണ്. സമുദ്രനിരപ്പിൽ നിന്നും ഏഴായിരത്തോളം അടി ഉയരത്തിലുള്ള കൊഡൈക്കനാലിൽ.

കയറിപ്പോന്നത് പഴനിയിൽനിന്ന്. പഴനിയിലെത്തിയത് മധുരയിൽനിന്നും.

പഴനിയിൽനിന്നു കൊഡൈക്കനാലിലേക്കുള്ള യാത്ര ഉദ്വേഗജനകമായിരുന്നു.

അടുക്കടുക്കായി കിടക്കുന്ന മലകൾ, മലകളുടെ മടിത്തട്ടിലൂടെ ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് വളഞ്ഞുപുളഞ്ഞു ചുറ്റിക്കയറുന്ന മേൽപ്പാത, മലമ്പാതകൾക്ക് തൊട്ടുതാഴെ ചെങ്കുത്തായ താഴ്‌വാരങ്ങളും കൊല്ലികളും.

ബസ്സിലാണ് യാത്ര. ഈ മലമുകളിലേക്ക് തീവണ്ടിയില്ല. ഇവിടെ കയറിവരുന്നവർക്ക് അടുത്ത തീവണ്ടിയാപ്പീസ് കൊഡൈക്കനാൽറോഡാണ്. അവിടെനിന്നും എൺപതു കിലോമീറ്റർ അകലെയാണ് ഞാനിപ്പോൾ യാത്രയവസാനിപ്പിച്ച് എത്തിയിരിക്കുന്ന കൊഡൈക്കനാൽ എന്ന സുഖവാസകേന്ദ്രം. ഇത് ഒരവിസ്മരണീയവും അനവദ്യസുന്ദരവുമായ യാത്രതന്നെ.

ബസ്സ് ചുരം കയറിത്തുടങ്ങി. ഇരുഭാഗത്തും ഇടതൂർന്ന് വളരുന്ന കാപ്പിച്ചെടികളും യൂക്കാലിപ്റ്റ്സ് മരങ്ങളും. ഇവയ്ക്കിടയിലൂടെ സ്ഫടികജലം ഒരുമിച്ച് താഴുന്ന നീർച്ചാലുകൾ. താഴെ മടക്കുമലകളുടെ വിള്ളലുകളിലൂടെ കാണുന്ന ഹരിതാഭമായ നെൽപാടങ്ങൾ. പാടങ്ങൾക്കിടയിൽ പാവങ്ങൾ പാർക്കുന്ന കൂരകൾ. വിദൂരവീക്ഷണത്തിൽ കുരിയാറ്റക്കൂടുകൾ പോലെ... അല്ലെങ്കിൽ ചിതൽപ്പുറ്റുപോലെ.

ഇഴഞ്ഞിഴഞ്ഞ് ഉയരം കയറുന്ന ബസ്സിനുള്ളിലിരുന്ന് വെളിയിലേക്ക് നോക്കിയപ്പോൾ ഞാനീഭൂമിയിൽ നിന്നും അകലുകയാണെന്ന് തോന്നി. ആകാശത്തേക്ക് ഉയരുകയാണെന്നും. ഒരു വിമാനയാത്ര കണക്കെ. കണ്ണാടിപ്പലകയുള്ള ജനലരികെയാണ് ഞാനിരിക്കുന്നത്. അതു കൊണ്ട് റോഡും, റോഡരികും താഴ്‌വരകളും കൊല്ലികളും അനായാസമായി കാണാം. തുടക്കത്തിൽ സുന്ദരമെന്നു തോന്നിയെങ്കിലും ഡ്രൈവറുടെ ശ്രദ്ധ നൂലിട പിഴച്ചാൽ, പൊടി പോലും അവശേഷിക്കാതെ അഗാധതയിൽ വീണുപോവേണ്ടി വരുമല്ലോ എന്നോർത്തപ്പോൾ മനസ്സ് കിടുകിടുത്തു. ഭയം എന്നെ നിശ്ശേഷം കീഴടക്കി.

യാത്രക്കാരിൽ പലരും ഭീരുവായ എന്നെപ്പോലെ ചിന്തിക്കുന്നവരായിരുന്നില്ല. അവർ നേരംപോക്കു പറയുകയും, കുടുംബകാര്യം ചർച്ചചെയ്യുകയുമാണ്. കടും നിറമുള്ള വസ്ത്രം ധരിച്ച നാടൻപെണ്ണുങ്ങളും, തലമൊട്ടയടിച്ച് കാതിൽ മിന്നിക്കടുക്കനിട്ട്, കാക്കിട്രൗസറും നീലക്കുപ്പായവും ധരിച്ചുകൊണ്ട് മേൽമീശ വളർത്തിയ പുരുഷൻമാരും. മലമുകളിൽ തോട്ടങ്ങളിൽ നിത്യവേലയ്ക്കു പോകുന്ന കൂലിക്കാരാണ് അവർ. അവർ വാതോരാതെ സംസാരിക്കുകയും മുറുക്കിച്ചുവപ്പിച്ച തൊണ്ണുകൾ കാട്ടി കുളിരെ ചിരിക്കുകയും ചെയ്യുന്നു.

ബസ്സ് ഇഴഞ്ഞിഴഞ്ഞ് മുന്നോട്ടുനീങ്ങി. അപ്പോൾ സമയം രണ്ടു മണി. നേരത്തെ കലപില സംസാരിച്ച തോട്ടം തൊഴിലാളികൾ പറയേണ്ടതൊക്കെ പറഞ്ഞു തീർത്തതുപോലെയും യാത്ര മടുത്തതുപോലെയും നിശ്ശബ്ദം.

അകലെയെങ്ങോ പാറകൾക്കിടയിലൂടെ ഒഴുകിയെത്തുന്ന നീരൊഴുക്കിന്റെ മന്ത്രമധുരമായ സംഗീതം. മരക്കൊമ്പുകളിൽ ചിലങ്ക കിലുക്കുന്ന കുഞ്ഞിളം പക്ഷിയുടെ കളഗാനം. ഇതു രണ്ടും മാത്രമാണ് ബസ്സിന്റെ ഇരമ്പലിനൊപ്പം ഉരസിയൊഴുകുന്ന വേറെ ശബ്ദങ്ങൾ.

നേരം ഇത്തിരിയിത്തിരി കഴിയുന്തോറും ചുരങ്ങളിൽ മഞ്ഞു വീണുതുടങ്ങി. തണുപ്പിനു കനം വെച്ചു.

മഞ്ഞെന്നു കേൾക്കുമ്പോൾ പാടത്തെ നെല്ലോലകളിലും തൊടികളിലും ധനുമാസങ്ങളിൽ പുകയൂതിയെത്തുന്ന മൂടലാണെന്നാണല്ലോ, മഞ്ഞിനെക്കുറിച്ചുള്ള സങ്കൽപ്പം. എന്നാൽ ഇവിടെ അതല്ല. തൂവെള്ള നിറമോലുന്ന പഞ്ഞിക്കെട്ടുകൾ അരയന്നപ്പക്ഷികളെപ്പോലെ ചിറകുവെച്ചടുക്കുന്നു. കൈയെത്താവുന്ന അകലത്തിൽ ചുറ്റിപ്പറക്കുന്നു. മുന്നിൽ. പിന്നിൽ. മീതെ. കീഴെ. ബസ്സിനുചുറ്റും മഞ്ഞിന്റെ മേഘപടലം പൊതിഞ്ഞുമൂടിയപ്പോൾ കയമില്ലാത്ത പാൽക്കടലിലൂടെ ബസ്സൊഴുകുകയാണെന്ന പ്രതീതിയുളവായി. ഏതോ സ്വപ്നലോകത്തിലൂടെ സഞ്ചരിക്കുകയാണെന്ന് തോന്നി.

***കഥയുറങ്ങുംവഴിയിലൂടെ*** — ***കെ.തായാട്ട്***

## മോഡ്യൂൾ രണ്ട്

| | |
|---|---|
| ആശയം : | • നിരീക്ഷണ കൗതുകത്തോടെ നടത്തുന്ന യാത്രകൾ വിനോദത്തോടൊപ്പം വിജ്ഞാനവും നൽകുന്നു.<br>• അനുഭവങ്ങൾ, ദൃശ്യങ്ങൾ എന്നിവയുടെ നേരനുഭവം പ്രതീതിയുണ്ടാക്കുന്നതും സൂക്ഷ്മനിരീക്ഷണങ്ങൾ അടങ്ങിയതുമാണ് യാത്രാവിവരണം. |
| കരുതേണ്ട സാമഗ്രികൾ: | • ലഘുയാത്രാവിവരണങ്ങൾ |
| പ്രതീക്ഷിത സമയം : | • 6 മണിക്കൂർ |

### സ്ഥലപ്പേരുകളി

കുട്ടികൾ ചെറു സംഘങ്ങളായി സ്ഥലനാമങ്ങൾ കിട്ടത്തക്ക രീതിയിൽ തുടർച്ചയായി അക്ഷരങ്ങൾ പറഞ്ഞ് പൂർത്തിയാക്കുന്നതാണ് ഈ കളി.

ഉദാഹരണം: ഒരു കുട്ടി 'തി' എന്ന അക്ഷരം പറഞ്ഞാൽ അടുത്ത ഊഴമുള്ള കുട്ടി 'രു' എന്നു പറഞ്ഞെന്നിരിക്കട്ടെ. തുടർന്നു 'വ' എന്നു പറഞ്ഞാൽ പിന്നീടുള്ള കുട്ടി പറയുന്നതനുസരിച്ച് സ്ഥലനാമം കണ്ടുപിടിക്കുന്നതിൽ സംശയം ജനിപ്പിക്കാം (തിരുവനന്തപുരം, തിരുവക്കോളി, മുതലായവ) ഉത്തരം ശരിയാകാതെ വരുമ്പോഴും അടുത്ത അക്ഷരം പറയാൻ കഴിയാതിരിക്കുമ്പോഴും അതിനുമുമ്പുള്ള കുട്ടിക്ക് പോയന്റ് നൽകുന്നു. ഉത്തരം ശരിയായി പറഞ്ഞാൽ പറഞ്ഞ കുട്ടിക്കു തന്നെ പോയന്റ്. വിവിധ ഗ്രൂപ്പുകൾ ഈ കളി നടത്തി കൂടുതൽ പോയന്റ് ലഭിക്കുന്ന കുട്ടിയെ കണ്ടെത്തട്ടെ.

### സൂചനകളിൽ നിന്ന് കണ്ടെത്തൽ

ഒരു കുട്ടിയെ ഒന്നു രണ്ടു സെക്കന്റ് അല്പം ദൂരെ മാറ്റിനിർത്തുന്നു. ക്ലാസിൽ അധ്യാപികയും കുട്ടികളും ചർച്ച ചെയ്ത് ഒരു സ്ഥലപ്പേര് നിശ്ചയിക്കുന്നു. അത് ചാർട്ടിൽ രേഖപ്പെടുത്തുന്നു. ചാർട്ട് മറച്ചുപിടിച്ച് വച്ചശേഷം മാറ്റിനിർത്തിയ കുട്ടിയെ വിളിക്കുന്നു. ആ കുട്ടിക്ക് പരമാവധി 5 ചോദ്യങ്ങളിലൂടെ ലഭിക്കുന്ന ഉത്തരങ്ങൾ വിശകലനം ചെയ്ത് ചാർട്ടിൽ രേഖപ്പെടുത്തിയ സ്ഥലം പറയാൻ കഴിയണം. അഞ്ചു ചോദ്യങ്ങൾ ആ സ്ഥലത്തിന്റെ ഉത്തരം നേരിട്ട് ലഭിക്കുന്ന രീതിയിലാകരുത്. അവിടുത്തെ ജനങ്ങൾ, ജീവിതരീതി, തൊഴിൽ, പ്രകൃതിഭംഗി, ചരിത്രസ്മാരകങ്ങൾ, പ്രാധാന്യമുള്ള സ്ഥലങ്ങൾ, ഗതാഗത മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങളിലൂടെയാണ് ഉത്തരത്തിലെത്തേണ്ടത്.

ഉദാ:- ചാർട്ടിൽ രേഖപ്പെടുത്തുന്നത് 'വയനാട്' എന്നിരിക്കട്ടെ. കുട്ടിക്ക് ചോദിക്കാവുന്ന ചോദ്യങ്ങൾ എന്തെല്ലാമായിരിക്കും?

- പ്രധാന ഗതാഗതമാർഗങ്ങൾ എന്തെല്ലാമാണ്? (അവിടെ, റെയിൽ ഗതാഗതമില്ല, റോഡ്ഗതാഗതം മാത്രമേയുള്ളു)
- അവിടെയുള്ള പ്രധാനപ്പെട്ട ഒരു സ്ഥലം പറയാമോ? (എടയ്ക്കൽ ഗുഹ)
- അവിടെ താമസിക്കുന്ന പ്രധാന ജനവിഭാഗങ്ങൾ ആരൊക്കെയാണ് (ആദിവാസികൾ, കൂടുതലുണ്ട്, ക്രിസ്തു, ഹിന്ദു, ഇസ്ലാം മതത്തിൽപ്പെട്ടവരും താമസിക്കുന്നുണ്ട്.)
- പ്രധാന കൃഷിയിനങ്ങൾ എന്തെല്ലാം? (കാപ്പി, തേയില, ഏലം, കുരുമുളക്)

ഇത്തരം ചോദ്യങ്ങളിലൂടെ ചോദ്യകർത്താവ് മറ്റുകുട്ടികളിൽ നിന്ന് ആപ്രദേശത്തിന്റെ സവിശേഷതകൾ പറയിപ്പിക്കണം. തുടർന്ന് സ്ഥലനാമം പറയുന്നു. തുടർന്ന് മറ്റു കുട്ടികളെവച്ച് ഈ പ്രവർത്തനം തുടരാം.

### അനുഭവങ്ങൾ പങ്കുവയ്ക്കാം

കുട്ടികൾ അവർ യാത്ര ചെയ്തിട്ടുള്ള പ്രധാന സ്ഥലങ്ങൾ പറയട്ടെ. റാൻഡമായി പറയിച്ചാൽ മതി. യാത്രയ്ക്കിടയിൽ എന്തെല്ലാം കാഴ്ചകൾ കാണാം? കുട്ടികൾ അഭിപ്രായങ്ങൾ പറയുന്നു. അധ്യാപിക ലഘു ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

- എങ്ങോട്ടാണ് യാത്ര പോയത്?
- ഏതു വാഹനത്തിലാണ് പോയത്?
- എന്തായിരുന്നു യാത്രയുടെ ഉദ്ദേശ്യങ്ങൾ?
- ലക്ഷ്യസ്ഥാനത്തെത്തിയോ?
- മനസ്സിൽ തങ്ങി നിൽക്കുന്ന എന്തെങ്കിലും യാത്രയിൽ ഉണ്ടായിട്ടുണ്ടോ?

തുടർന്ന് വ്യക്തിഗതമായി ആശയഭൂപട നിർമ്മാണം നടത്തുന്നു.




ഓരോരുത്തരും യാത്രയുമായി ബന്ധപ്പെട്ട ആശയഭൂപടങ്ങൾ അവതരിപ്പിക്കട്ടെ.

നിങ്ങൾ നടത്തിയ യാത്രയ്ക്കിടയിൽ മനസ്സിൽ തങ്ങിനിൽക്കുന്ന എന്തെങ്കിലും കാര്യം പറയാമോ? - കുട്ടികൾ ഒന്നോ രണ്ടോ വാക്യങ്ങളിൽ കുറിച്ചിടട്ടെ - ചിലർ അവതരിപ്പിക്കുന്നു. തുടർന്ന് എല്ലാവരും അവർക്കിഷ്ടപ്പെട്ട ആ യാത്രയെക്കുറിച്ച് ഒരു വിവരണമെഴുതട്ടെ (വ്യക്തിഗത രചന)

### ചെക്ക് ലിസ്റ്റ് നിർമാണം

ആരാണ് നന്നായെഴുതിയത്? മെച്ചപ്പെട്ടത് ആരുടേതാണ്? ഇവ നമുക്കെങ്ങനെ കണ്ടെത്താം - പൊതുചർച്ച. കുട്ടികളുടെ പങ്കാളിത്തത്തോടെ വിലയിരുത്തൽ സൂചകങ്ങൾ നിർമിക്കാൻ അപൂർണമായ ഒരു ചെക്ക് ലിസ്റ്റ് ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.

| | ഉണ്ട് | ഇല്ല |
|---|---|---|
| • യാത്ര ചെയ്ത സ്ഥലങ്ങൾ, സമയം, ലക്ഷ്യം ഇവ പ്രസ്താവിച്ചു. | | |
| • വാക്യങ്ങൾ മുൻ പിൻ ബന്ധം | | |
| | | |
| | | |
| | | |

**ചർച്ചാചോദ്യങ്ങൾ**

- വായനക്കാർക്ക് സ്ഥലങ്ങൾ സന്ദർശിച്ച അനുഭവം ഉണ്ടാക്കാൻ കഴിയുന്നുണ്ടോ?
- യാത്രയിലെ ദൃശ്യങ്ങൾ, അനുഭവങ്ങൾ എന്നിവയെക്കുറിച്ച് വർണ്ണനകൾ നടത്താൻ കഴിഞ്ഞിട്ടുണ്ടോ?
- യാത്രാ വിവരണത്തിന്റെ തലക്കെട്ട് അനുയോജ്യമാണോ?
-
-

ചർച്ചയിലൂടെ കൂടുതൽ സൂചകങ്ങൾ നിർമ്മിച്ച് ചെക്ക്‌ലിസ്റ്റ് പൂർണമാക്കുന്നു.

രൂപപ്പെടുത്തിയ ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ യാത്രാവിവരണം ഗ്രൂപ്പിൽ കൈമാറി വായിച്ച് വ്യക്തിഗതമായി വിലയിരുത്തി അഭിപ്രായം പറയുന്നു. ഗ്രൂപ്പിൽ മെച്ചപ്പെട്ടത് കണ്ടെത്തുന്നു. ക്ലാസിൽ പൊതുവായി അവതരിപ്പിക്കുന്നു. ഒപ്പം ടീച്ചേഴ്സ് വേർഷൻ അവതരിപ്പിച്ച ശേഷം (ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ചത്) താരതമ്യ ചർച്ചകൾ നടത്തുന്നു. ചർച്ചയിലൂടെ ഇനിയും മെച്ചപ്പെടേണ്ട തലങ്ങൾ കുട്ടികൾ സ്വയം തിരിച്ചറിയേണ്ടതുണ്ട്. തുടർന്ന് ഓരോരുത്തരും രചനകൾ മെച്ചപ്പെടുത്തി എഴുതി കയ്യെഴുത്തു മാസികയിൽ പ്രസിദ്ധീകരിക്കുന്നു.

**റഫറൻസ്**


- ബ്രഹ്മപുത്രയിലെ വീട് - കെ.എ. ബീന
- സഞ്ചാരസാഹിത്യം 2 വാല്യം - എസ്.കെ.പൊറ്റക്കാട്
- സുഗന്ധഗിരിയിലൂടെ - മായ. യു. ബി
- മഹാകവികളുടെ കുട്ടിക്കവിതകൾ - ഡി.സി.ബുക്സ്
- പൂക്കുന്നിതാ മുല്ല പൂക്കുന്നിലനി - തിരഞ്ഞെടുത്ത നാല് കവിതകൾ - ഡി.സി ബുക്സ്.